WEDNESDAY 06/08/2025 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS  Editor:Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/08/2025

1. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്രവളർച്ചയും കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധനവും ലക്ഷ്യമിട്ട് ലോക ബാങ്ക് സഹായത്തോടെ കൃഷി വകുപ്പ് ആവിഷ്കരിച്ച ബൃഹദ് പദ്ധതിയാണ് 'കേര' (KERA-Kerala Climate Resilient Agri-Value Chain Modernization Project). കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ അനുയോജ്യമായ കൃഷിരീതി പ്രോത്സാഹിപ്പിക്കാനും മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനവും സംരംഭകത്വം വിപണനവും വർദ്ധിപ്പിക്കാനും കാർഷിക പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. ഇന്ന് (ഓഗസ്റ്റ് 6) രാവിലെ 11.30 ന് പന്തളത്ത് വച്ച് നടക്കുന്ന KERA പ്രോജക്ടിന്റെ കീഴിലുള്ള ഒരു മാസ് സെൻസിറ്റൈസേഷൻ പ്രോഗ്രാം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകർക്ക് പുരസ്കാരങ്ങൾ നൽകുന്നു. സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകന്, മികച്ച വാണിജ്യ ക്ഷീര കർഷകന്, മികച്ച സമ്മിശ്ര കർഷന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 1 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകും. മികച്ച പൗൾട്രി കർഷകന്, മികച്ച കർഷക/സംരംഭക, മികച്ച യുവകർഷകന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 50,000 രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതാണ്. കൂടാതെ ജില്ലാ തലത്തിൽ മികച്ച ക്ഷീര കർഷകന് 20,000 രൂപയുടെ ക്യാഷ് അവാർഡും, മികച്ച സമ്മിശ്ര കർഷകന് 10,000 രൂപയുടെ ക്യാഷ് അവാർഡും നൽകും. അപേക്ഷാ ഫോമുകൾ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. **അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഓഗസ്റ്റ് 20.** വിശദ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

3. ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിനെതിരെ കർഷർ ജാഗ്രത പാലിക്കണം. കരുവാറ്റ, നെടുമുടി, കൈനകരി, തകഴി, നീലംപേരൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗ ലക്ഷണങ്ങൾ കാണുന്നതായി കീടനിരീക്ഷണ കേന്ദ്രം അറിയിച്ചു. വിതച്ച് 35 മുതൽ 85 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിലാണ് രോഗലക്ഷണങ്ങൾ കണ്ടുവരുന്നത്. പ്രാരംഭ ദിശയിൽ തന്നെ പാടശേഖര അടിസ്ഥാനത്തിൽ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മാത്രമേ രോഗം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കാൻ കഴിയൂ. ചെടിയുടെ സംവഹന നാളുകളിൽ ബാക്ടീരിയൽ കോശങ്ങൾ നിറയുന്നത് മൂലം വെള്ളത്തിന്റെയും മൂലകങ്ങളുടെയും മുകളിലേയ്ക്കുള്ള സംവഹനം തടസ്സപ്പെടുന്നു. ബാഹ്യലക്ഷണമാണ് ഇലകരിച്ചിൽ, ഇപ്പോൾ നിലനിൽക്കുന്ന ഇതിന്റെ കാലാവസ്ഥ രോഗവ്യാപനത്തിന് വളരെ അനുകൂലമാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**നിയന്ത്രണ മാർഗ്ഗങ്ങൾ**

പച്ചചാണകം കിഴികെട്ടി ഉമ്പു ഭാഗത്ത് ഇട്ടുകയോ, ചാണക സ്ളറി കണ്ടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. അല്ലാത്ത പക്ഷം ബ്ലീച്ചിംഗ് പൗഡർ ഏക്കറിന് 2 കിലോ ഗ്രാം എന്ന തോതിൽ ചെറിയ മസ്ളിൻ കിഴികളിലാക്കി വെള്ളം കയറ്റുന്ന സ്ഥലങ്ങളിൽ വെയ്ക്കാം.

രോഗത്തിന്റെ പ്രാംരംഭ ഘട്ടത്തിൽ ബ്രോണോപോൾ 100% (ബയോനോൾ) 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ, 3 മില്ലി ഫിൽവെറ്റ്/ടീപോൾ (പശ) കൂടി ചേർത്ത് തളിച്ചു കൊടുക്കാം. മുകളിലകൾ നന്നായി നനയത്തക്ക വിധം തളിക്കണം.

രോഗം കൂടുതൽ വ്യാപിച്ചിട്ടുണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ 2 ഗ്രാം, കോപ്പർ

ഓക്സിക്ലോറൈഡ് 3 ഗ്രാം എന്നിവ ഓരോന്നും 10 ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലക്കി ടാങ്ക് മിക്സ് ചെയ്ത് 10 ലിറ്ററിന് 3 മില്ലി ഫിൽവെറ്റ്/ടീപോൾ കൂടി ചേർത്ത് തളിച്ചു കൊടുക്കാം.

ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കർഷകർക്ക് 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസെൻ 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബാസിലസ് സബ്റ്റിലിസ് എന്നിവ ഓരോന്നും 20 ഗ്രാം വീതം 1 ലിറ്റർ വെള്ളത്തിൽ മേൽ സൂചിപ്പിച്ച അളവിൽ പശ കൂടി ചേർത്ത് (3 മില്ലി 10 ലിറ്റർ വെള്ളം) തളിക്കുന്നത് വളരെ ഫലപ്രദമാണ്.

പൊട്ടാസ്യം, സിലിക്ക എന്നീ മൂലകങ്ങൾ രോഗ പ്രതിരോധത്തിന് ഫലപ്രദമാണ്. 13:0:45 തളിവളം 10 ലിറ്ററിന് 100 ഗ്രാം, 25 മില്ലി സിലിക്ക, 4 മില്ലി ഫിൽവെറ്റ്/ടീപോൾ എന്നിവ ചേർത്ത് തളിക്കുന്നതും രോഗപ്രതിരോധത്തിന് സഹായിക്കും.

തുടർച്ചയായി വെള്ളം കെട്ടിനിൽക്കാതെ ഇടയ്ക്കിടെ വെള്ളം വറ്റിക്കുന്നത് രോഗവ്യാപനത്തിന്റെ തോത് കുറയ്ക്കും. എന്നാൽ അമ്ലത കൂടുതലുള്ള നിലങ്ങൾ അധികം ഉണങ്ങാതെ ശ്രദ്ധിക്കണം.

**<u>പരിശീലന പരിപാടി</u>**

1. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഓഗസ്റ്റ് 11, 12 **തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ 'ആട് വളർത്തല് വ്യവസായികാടിസ്ഥാനത്തിൽ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. **ഓഗസ്റ്റ് ഒമ്പതിനകം 9447525485** നമ്പറിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് **12.08.2025, 13.08.2025,14.08.2025** തീയതികളിലായി കോഴിക്കോട്, വയനാട്,മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്/പ്രൊക്യൂർമെൻ്റ് ന് പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിൻ്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 8-08-2025 വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

3. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം 6 മുതല് 26 വരെ കർഷകർക്ക് വിവിധ പരിശീലന പരിപാടികൾ നടത്തുന്നു., ഓഗസ്റ്റ് 6, 7 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 12 ന് ടർക്കികോഴി വളർത്തൽ, 20, 21 തീയതികളിൽ കറവപശു പരിപാലനം, 26 ന് മുയൽ വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 -2965535.

4. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ആഗസ്റ്റ് 12, 13** തീയതികളിൽ പരിശീലനം നൽകുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

5. റബ്ബർബോർഡ് റബ്ബർ ഉത്പന്ന നിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ആഗസ്റ്റ് 06-ന് കോഴ്സ് ആരംഭിക്കും. റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

**കാർഷിക നിർദേശം**

1. തെങ്ങ് –കൂമ്പ് ചീയൽ

തുടർച്ചയായ മഴ മൂലം, തെങ്ങിൽ കുമ്പുചിയൽ രോഗം വരാൻ സാധ്യതയുണ്ട് . തെങ്ങിലെ കുമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കുമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധിവരെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം